No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017-ലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2017-ലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുമുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബി.എസ്.സി നഴ്സിംഗ് & പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ച വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ **13.09.2017, 1 pm** വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. **ഇത് സ്വാശ്രയ നഴ്സിംഗ്, പാരാമെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ട്മെന്റാണ്.**

മൂന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ ആദ്യമായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2017 സെപ്റ്റംബർ 14, 15 തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഒടുക്കി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ 15.09.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ഹാജരായി പ്രവേശനം നേടേണ്ടതാണ്. തിരഞ്ഞെടുത്ത എസ്.ബി.ഐ. ശാഖകളുടെ ലിസ്റ്റ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. മുൻഘട്ടങ്ങളിലെ അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിച്ചിട്ടുള്ളവർ 15.09.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയാൽ മതിയാകും.

അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്തതും കോളേജിൽ ഹാജരായി പ്രവേശനം നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ (നഴ്സിംഗ് സ്ട്രീം/പാരാമെഡിക്കൽ സ്ട്രീം) നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

കുറിപ്പ്: മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ ഈ ഘട്ടത്തിൽ സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2017 സെപ്റ്റംബർ 15-ാം** തീയതി വൈകുന്നേരം **5** മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 13.(എ) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് പ്രോസ്പെക്ടസ് ക്ലോസ് 12.7 പ്രകാരം തിരികെ ലഭിക്കാൻ അർഹരായിരിക്കില്ല.

സർവ്വീസ് വിഭാഗം അപേക്ഷകരുടെ റാങ്ക് ലിസ്റ്റ് ബന്ധപ്പെട്ട അധികാരികൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഇതിലേയ്ക്കുള്ള അലോട്ട്മെന്റ് നടത്തുന്നതാണ്.

MIMS College of Allied Health sciences, MIMS Academy, Vazhayoor, Puthukode.P.O. Malappuram എന്ന സ്വകാര്യ സ്വാശ്രയ കോളേജിലെ ബി.സി.വി.റ്റി, ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി എന്നീ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താൽകാലികവും IA No. 9780/2017 IN WP(C) No. 37007/2016(A) മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും. സർക്കാർ/അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് പ്രസ്തുത കോഴ്സുകൾക്ക് ബാധകമാകുന്നതാണ്.

നിശ്ചിത സമയത്തിനകം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് 15.09.2017 വൈകുന്നേരം 5.30-ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

13.09.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**